# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5449 — 25/10/2011 ന് മറുപടിയ്ക്ക്

## രാജേഷ് കുമാറിന്റെ ചികിത്സാ ചെലവുകൾ റീഇംബേഴ്സ് ചെയ്ത് ലഭിക്കാത്തത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ താലൂക്ക് ആഫീസിൽ പ്യൂണായി ജോലി നോക്കി വരുന്ന ശ്രീ. രാജേഷ്കുമാറിന്റെ ചികിത്സാ ചെലവുകൾ റീഇംബേഴ്സ് ചെയ്യുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) (ബി) & (സി) | ചെങ്ങന്നൂർ താലൂക്ക് ആഫീസിലെ പ്യൂൺ ശ്രീ. രാജേഷ്കുമാർ തന്റെ ചികിത്സയ്ക്കു ചെലവായ തുക റീഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതിന് 20/07/2010 ൽ അപേക്ഷിച്ചതിനെ തുടർന്ന് അപേക്ഷയും അനുബന്ധ രേഖകളും ആലപ്പുഴ ജില്ലാകളക്ടർ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചു കൊടുക്കുകയും ജില്ലാ മെഡിക്കൽ ഓഫീസർ, രോഗി ചികിത്സയ്ക്ക് വിധേയമായ തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, മെഡിക്കൽ റീഇംബേഴ്സ്മെന്റിന് സർക്കാർ അംഗികരിച്ചിട്ടില്ലാത്ത സ്ഥാപനമായതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിൽ മാത്രമേ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ എന്ന കാരണത്താൽ തിരിച്ചയച്ചിട്ടുള്ളതുമാണ്.<br>ഇതേ തുടർന്ന് ശ്രീ. രാജേഷ് കുമാറിന്റെ അപേക്ഷയും അനുബന്ധ രേഖകളും റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനുള്ള സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ലാന്റ് റവന്യൂ കമ്മീഷണർ 21/10/2011 ൽ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസൽ 6/12/2008 ലെ 48811/ജി2/08/H&FWD നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ചപ്പോൾ, അപേക്ഷയിൽ അപേക്ഷകൻ സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയതിനുള്ള ന്യായീകരണം നൽകിയിട്ടില്ലാത്തതിനാലും ക്യാഷ് വൗച്ചറുകളുടെ പുറകുവശത്ത് പെയ്ഡ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും അവ പരിഹരിച്ച് തിരികെ സമർപ്പിക്കുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും 22/10/2011 ലെ 58375/റ്റി1/2011/റ.വ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് തിരിച്ചയച്ചിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ ; | | |
| (സി) പ്രസ്തുത ഫയലുകൾ ഏത് ഓഫീസിൽ ആണ് കൈകാര്യം ചെയ്യുന്നത് എന്ന് വിശദമാക്കുമോ : | | |

സെക്ഷൻ ഓഫീസർ